

# ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി (ഐഒസി) കൈകോർത്ത്




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി സംയോജിപ്പിച്ചു കൊണ്ട് കുടുംബശ്രീ നടത്തുന്ന സേവന മാതൃകയെക്കുറിച്ച് വിവരിക്കട്ടെ. 2016-17 സാമ്പത്തികവർഷത്തിലാണ് ഇത്തരമൊരു പദ്ധതിക്ക് ഞങ്ങൾ തുടക്കമിട്ടത്. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അധികൃതർ നടത്തിയ ആലോചനയാണ് ഇത്തരമൊരു മാതൃക തുടക്കം കുറിക്കുന്നതിലേക്ക് നയിച്ചത്. ഔട്ട്ലെറ്റുകളിൽ പൊതുജനങ്ങൾക്ക് മികച്ച ശൗചാലയ സംവിധാനങ്ങൾ ഏർപ്പെടുത്താനും സാധ്യമായ സ്ഥലങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വിൽക്കുന്ന കിയോസ്കുകൾ സ്ഥാപിക്കാനും ഇവയുടെ പരിപാലനവുമാണ് ഈ സംയുക്ത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആദ്യഘട്ടത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ ഐഒസിയുടെ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യങ്ങൾ (ശുചിമുറികൾ, ശൗചാലയങ്ങൾ, കിയോസ്കുകൾ എന്നിവ) ഒരുക്കും, കുടുംബശ്രീ സംരംഭകരുടെ നേതൃത്വത്തിൽ ഇവ പരിപാലിക്കുകയും ചെയ്യുകയെന്നതാണ് ഈ പ്രോജക്ട്. നിലവിൽ കേരളത്തിലെ 46 ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ കുടുംബശ്രീയും ഐഒസിയും സംയുക്തമായി ചെയ്തുവരുന്നു. ഔട്ട്ലെറ്റുകളിൽ എത്തുന്നവർക്ക് വൃത്തിയുള്ള ശുചിമുറികളും ശൗചാലയങ്ങളും ഉപയോഗിക്കാൻ അവസരമൊരുക്കാനും ചില ഇടങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വാങ്ങാനുള്ള സൗകര്യമൊരുക്കാനും കഴിഞ്ഞിട്ടുണ്ട്.

ആദ്യഘട്ടത്തിൽ സംരംഭ മാതൃകയിൽ (കിയോസ്കുകൾ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന വിറ്റുവരവിലൂടെയുള്ള വരുമാനത്തിന്റെ ഒരു ഭാഗത്തിലൂടെ ശുചിമുറികളുടെയും ശൗചാലയങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നു എന്ന രീതി) ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനായിരുന്നു ഞങ്ങൾ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇത് അത്ര കാര്യക്ഷമമാകുന്നില്ലെന്ന് കണ്ടതോടെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ധനസഹായത്തോട് കൂടി തന്നെയാണ് പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നത്. പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഈ പദ്ധതി ഫീൽഡ് തലത്തിൽ നടപ്പാക്കാനും മികച്ച രീതിയിൽ തുടർന്ന് കൊണ്ടുപോകാനും ഞങ്ങൾക്ക് സാധിക്കുന്നുവെന്നത് ഏറെ സന്തോഷം നൽകുന്നു. ഇത്തരത്തിൽ കൂടുതൽ പദ്ധതികൾ ഐഒസിയുമായി ചേർന്ന് നടത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.